കേരള സർക്കാർ

# വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

**website : www.ksad.kerala.gov.in**

**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം.(ബി പി.)198/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :10.03.2020

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം:- വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈപ്പിൻ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-1 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

**ജോയിന്റ് ഡയറക്ടർ**

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ),എറണാകുളം.
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)198/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :10.03.2020

**എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.02.2019 മുതൽ 01.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിച്ചതിനു ശേഷം പ്രധാനപ്പെട്ട പരാമർശങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്താത്ത ഓഡിറ്റ് എൻക്വയറികളിൻമേലുള്ള തുടർനടപടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ ജി.,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.02.2020 മുതൽ 07.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും | ശ്രീ മൈക്കിൾ കെ.എ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ വിനീത് ആർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ അഭിലാഷ് എം.ആർ.<br>ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| സ്ഥാനം/ ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ഡോ.കെ.കെ.ജോഷി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി ശ്രീദേവി കെ. നമ്പൂതിരി | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | |
| | | |
| | ശ്രീ സിബി.എ.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി ദേവിശ്രീ | 01.04.2018 മുതൽ 01.07.2018 വരെ |
| | ശ്രീ പ്രതാപൻ പി.എസ്. | 02.07.2018 മുതൽ 31.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി സുജ.പി.ആർ. | 01.04.2018 മുതൽ 31.03.2010 വരെ |
| ക്ഷീര വികസന ഓഫീസർ | | |
| | ശ്രീ രതീഷ് ബാബു.സി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | | |
| | ശ്രീമതി സലിത എസ്.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ഞാറക്കൽ) | ഡോ വിമല | 01.04.2018 മുതൽ 31.03.2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി മറിയം ബീവി.ഒ.എം. | 01.04.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി ജെറിൻ.എൻ.വി. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 | |
| 7 | ആഭ്യന്തരനിയന്ത്രണം. | 1-7 | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 | |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 | |
| 10 | രശീതുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 1-10 | |
| 11 | ചെലവ് രേഖകളുടെ പരിപാലനത്തിലെ | 1-11 | |

| | | | |
|---|---|---|---|
| | അപാകതകൾ | | |
| 12 | ലൈഫ് മിഷൻ ഭവനപദ്ധതി - വിനിയോഗ വിവരം പൂർണ്ണമല്ല | 1-12 | |
| 13 | ക്വട്ടേഷൻ / ടെണ്ടർ പരസ്യങ്ങളിൽ സ്പെസിഫിക്കേഷൻ വ്യക്തമാക്കുന്നില്ല. | 1-13 | |
| 14 | മെഡിക്കൽ ഓഫീസർ സിഎച് സി, ഞാറക്കൽ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-14 | |
| 15 | വ്യവസായ വികസന ഓഫീസർ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയില്ല. | 1-15 | |
| 16 | എസ്.സി.ഡി.ഓ. നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 1-16 | |
| 17 | സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-17 | |
| | ഭാഗം 2 | | |
| 18 | ഇല്ല | 2-1 | |
| | ഭാഗം 3 | | |
| 19 | അനധികൃതമായി ടെണ്ടർ എക്സസ് അനുവദിച്ചു- രൂ. 8238 നഷ്ടം | 3-1 | |
| | ഭാഗം 4 | | |
| 20 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 24 | വായ്പ /വായ്പ തിരിച്ചടവ് | 4-5 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-6 | |
| 26 | ഓഡിറ്റ് റിക്കവറി | 4-7 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 | |
| 28 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 32 | ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 | |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 03.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2019 | 12.04.2019 |

# 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 22439219 |
| വരവ് | 58419796 |
| ആകെ | 80859015 |
| ചെലവ് | 53138335 |
| നീക്കിയിരുപ്പ് | 27720680 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 26159000 | 26159000 | 25773648 | | 385352 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 14367000 | 14367000 | 13405259 | | 961741 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 214000 | 214000 | 0 | | 214000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3104000 | 3104000 | 2378471 | | 725529 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 6317060 | 6317060 | 6317060 | 0 | |
| UBI എടവനക്കാട് | 3306 | 118 | 3424 | 0 | 3424 | |
| IWMP | 56955 | 87254 | 144209 | 23512 | 120697 | |
| TSC SBT | 595905 | 50149 | 646054 | 29806 | 616248 | |
| SBI നായരമ്പലം സാക്ഷരത | 45321 | 0 | 45321 | 0 | 45321 | |
| SBI നായരമ്പലം | 1790266 | 139491 | 1929757 | 92150 | 1837607 | |
| MKSP UBI എടവനക്കാട് | 139 | 30043 | 30182 | 30104 | 78 | |
| IAY സംസ്ഥാന വിഹിതം UBI എടവനക്കാട് | 1035415 | 33848 | 1069263 | 220058 | 849205 | |
| SBI ചെറായി ജോയിന്റ് വെഞ്ചർ | 18497447 | 3127932 | 21625379 | 6164053 | 15461326 | |
| തനത് ഫണ്ട് ട്രഷറി | 411369 | 7984409 | 8395778 | 5470922 | 2924856 | |
| NRMSFund | 0 | 5818353 | 5818353 | 0 | 5818353 | |
| Petronet LNG | 0 | 99253 | 99253 | 56619 | 42634 | |

| | | | | | | |
|---|---|---|---|---|---|---|
| SBI General | 1790266 | 139491 | 1929757 | 92150 | 1837607 | |
| IAY അഡ് മിൻ BOI നായരമ്പലം | 810 | 19494 | 20304 | 19373 | 931 | |
| IAY സെൻട്രൽ ഷെയർ SBI നായരമ്പലം | 2286 | 0 | 2286 | 2286 | 0 | |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 77 | 48359105 | 68 | 44202747 | 4 | 5 | 88.31% |

# 1-6 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.02.2020 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. ഡേ ബുക്ക് പ്രകാരം നീക്കിയിരിപ്പുതുക ഒന്നും ഉണ്ടായിരുന്നില്ല.

# 1-7 ആഭ്യന്തരനിയന്ത്രണം.

1. പഞ്ചായത്ത് നടത്തുന്ന വാങ്ങലുകളുടെ ടെണ്ടർ പരസ്യങ്ങളിൽ കൃത്യമായ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നില്ല. ഈ അപാകത പരിഹരിക്കേണ്ടതാണ്.

2)രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി, വിതരണം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. പിരിച്ചെടുക്കുന്ന തുകകൾ യഥാസമയം ട്രഷറിയിൽ അടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2019മുതൽ 23.11.2019 വരെ | 2018-19 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.11.2019 | 2014-15മുതൽ 2018-19 വരെ | 16.12.2019 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ അപാകതകൾ ഇല്ല. ഓഡിറ്റ്

സാക്ഷ്യപത്രം അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-10 രശീതുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

1) സാംഖ്യ രശീതുകളുടെ (0357593 മുതൽ 0357876 വരെ) സ്റ്റോക്ക് രജിസ്റ്റർ സ്റ്റോക്ക് പരിപാലനത്തിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സാംഖ്യ രശീത് നമ്പർ 0357719 ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-04-2014 ലെ 48544 എ.ബി.-1113 നമ്പർ സർക്കുലർ പ്രകാരം ആയത് സെക്രട്ടറി അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) കേരള ട്രഷറി കോഡിലെ (വാല്യം 1) ആർട്ടിക്കിൾ 92 (ബി) യിലെ കുറിപ്പ് (2) പ്രകാരം രശീത് ബുക്കിലെ ഫോറങ്ങളുടെ എണ്ണം സൂക്ഷ്മമായി പരിശോധിച്ച് ഫ്ലൈ ലീഫിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ 821-ാം നമ്പറായുള്ള രശീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി ബുക്കിലെ 73-ാം നമ്പർ രശീത് 19-09-2018 ൽ ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ആയത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വാടക വരവ് രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ തുക ഒടുക്കി സാംഖ്യ രശീത് നമ്പരും തീയതിയും രേഖപ്പെടുത്തുന്നില്ല.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുവാനായി 06 / 02 / 2020ൽ നൽകിയ 4 ആം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ടി അപാകതകൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മേൽ ന്യൂനതകൾ പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-11 ചെലവ് രേഖകളുടെ പരിപാലനത്തിലെ അപാകതകൾ

1)ബ്ലോക്ക് പഞ്ചായത്തിലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. കണ്ടിജന്റ് ബില്ലുകൾ പ്രകാരമുള്ള എല്ലാ ചെലവുകളുടെയും വിവരങ്ങൾ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | സിബി 56/2018-19 | 11.09.2018 | 1483/- |
| 2 | സിബി 57/2018-19 | 12/09/2018 | 16902/- |
| 3 | സിബി 122/2018-19 | 16/01/2019 | 1700/- |
| 4 | സിബി 123/2018-19 | 16/01/2019 | 14282/- |
| 5 | സിബി 124/2018-19 | 25/01/2019 | 28000/- |
| 6 | സിബി 125/2018-19 | 25/01/2019 | 2500/- |

2019 മാർച്ച് മാസത്തിലെ സിബി 164/2018-19-ാം നമ്പർ വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനായി 07.02.2020 ൽ നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-12 ലൈഫ് മിഷൻ ഭവനപദ്ധതി - വിനിയോഗ വിവരം പൂർണ്ണമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 10/2019, ലൈഫ് മിഷൻ ഭവനപദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കൽ |
| അടങ്കൽ തുക | 9382081 രൂപ |
| ചെലവു വിവരം | 3548581 രൂപ ബിൽ നമ്പർ 7/18-19 തീ. 23.06.18<br>3566000 രൂപ ബിൽ നമ്പർ 17/18-19 തീ.29.09.18<br>2267500 രൂപ ബിൽ നമ്പർ 45/18-19 തീ.05.03.19<br>ആകെ ചെലവ് – 9382081/-രൂപ |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ലൈഫ് മിഷൻ ഭവനപദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കിയതിൽ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകൾ അവയ്ക്ക് നേരേ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| കുഴുപ്പിള്ളി | 6040 രൂപ |
| പള്ളിപ്പുറം | 22,01,450 രൂപ |
| എടവനക്കാട് | 1,61,856രൂപ |
| ആകെ | 23,69,346/- |

പ്രസ്തുത തുകകളുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കുന്നത് വരെ മേൽക്കാണിച്ചിരിക്കുന്ന 23,69,346/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 ക്വട്ടേഷൻ / ടെണ്ടർ പരസ്യങ്ങളിൽ സ്പെസിഫിക്കേഷൻ വ്യക്തമാക്കുന്നില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം വിവിധ ഉപകരണങ്ങൾ 2018-19 വർഷം വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ വാങ്ങുന്നതിനായി കൃത്യമായി സ്പെസിഫിക്കേഷൻ നിർണ്ണയിച്ച് ക്വട്ടേഷൻ/ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ടെണ്ടർ സംബന്ധിച്ച പൊതുവായ പത്രപരസ്യമാണ് ഇത് സംബന്ധിച്ച് ഫയലിലുള്ളത്. കൃത്യമായി സ്പെസിഫിക്കേഷൻ നിർണ്ണയിച്ച് ക്വട്ടേഷൻ / ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നമ്പർ-8,തീയതി 07.02.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാങ്ങൽ പ്രക്രിയകൾ 2013 ലെ സ്റ്റോർ പർചെയ്സ് മാനുവൽ, 2010 ലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള പ്രൊക്യുവർമെന്റ് മാനുവൽ എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 മെഡിക്കൽ ഓഫീസർ സിഎച് സി, ഞാറക്കൽ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1 ) പദ്ധതി നമ്പർ - 94 / 2018 -19

പദ്ധതിയുടെ പേര് - വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ (എസ്.സി.പി വിഹിതം )

അടങ്കൽ തുക - 450000/-

ചെലവ് - 450000/-

ടി പദ്ധതി പ്രകാരം കെ.എം.എസ്.സി.എൽ. ന് ഓർഡർ നൽകിയ മരുന്നുകൾ ഇതു വരെ ലഭിച്ചിട്ടില്ല. കൂടാതെ മേൽ പദ്ധതിയിൽ പിഎച്ച്സി അയ്യമ്പിള്ളിയിലേക്ക് 20/10/2018 ലെ പ്രൊഫോർമ ഇൻവൊയ്സ് നമ്പർ പി ആർ എഫ് 1804 പ്രകാരം 150000/- രൂപയുടെ മരുന്നിന്റെ ഓർഡറിനു ആവശ്യമായ നോൺ അവൈലബിലിറ്റി സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2 ) പദ്ധതി നമ്പർ - 68 / 2018 -19

പദ്ധതിയുടെ പേര് - വയോജനങ്ങൾക്കു മരുന്നു വാങ്ങൽ (പൊതു വിഭാഗം)

അടങ്കൽ തുക - 250000 /-

ചെലവ് - 250000 /-

ടി പദ്ധതി പ്രകാരം ഓർഡർ നൽകിയ മരുന്നുകൾ ഇതു വരെ ലഭിച്ചിട്ടില്ല. മേൽ പദ്ധതിയിൽ പിഎച്ച്സി അയ്യമ്പിള്ളിയിലേക്ക് 20/10/ 2018 ലെ പ്രൊഫോർമ ഇൻവൊയ്സ് നമ്പർ പി ആർ എഫ് 1805 പ്രകാരം 750000/-രൂപയുടെ മരുന്നിന്റെ ഓർഡറിന് ആവശ്യമായ നോൺ അവൈലബിലിറ്റി സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3 ) പദ്ധതി നമ്പർ - 56 / 2018 -19

പദ്ധതിയുടെ പേര് - സർക്കാർ ആശുപത്രിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ

അടങ്കൽ തുക - 300000 /-

ചെലവ് - 300000 /-

ടി പദ്ധതിയിൽ മാക്സ് കെയർ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 27/ 02/ 2019 ലെ ഇൻവൊയ്സ് നമ്പർ - എംസിഐജിഎസ്റ്റിഎ/1039 പ്രകാരം വാങ്ങിയ ഇൻസിനറേറ്റർ ഞാറക്കൽ സിഎച്ച്സിയുടെ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4 ) പദ്ധതി നമ്പർ - 95 / 2018 -19

പദ്ധതിയുടെ പേര് - മുനമ്പം പിഎച്ച്സിയിലേക്ക് ഇൻവെർട്ടർ വാങ്ങൽ

അടങ്കൽ തുക - 169200 /-

ചെലവ് - 162500 /-

ടി പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങളായ 3കെവിഎ ഇൻവെർട്ടർ, 1കെവിഎ ഇൻവെർട്ടർ, 150 എഎച്ച് എക്സൈഡ് ടുബുലാർ ബാറ്ററി, 120 എഎച്ച് എക്സൈഡ് ടുബുലാർ ബാറ്ററി, എസർ പി5515 ഫുൾ എച്ച്ഡി പ്രൊജക്ടർ, എസർ ലാപ് ടോപ് എന്നിവ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മുനമ്പം പിഎച്ച്സി യിലുള്ള എല്ലാ യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

മേല്പറഞ്ഞ അപാകതകൾ പരിഹരിക്കുവാൻ വേണ്ടി 07 / 02 / 2020 ൽ നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 വ്യവസായ വികസന ഓഫീസർ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയില്ല.

ഓഡിറ്റ് വർഷം വ്യവസായ വികസന ഓഫീസർക്ക് താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ നിർവ്വഹണം നടത്താനായി ഡി.പി.സി.അംഗീകാരം ലഭിച്ചിരുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 37/2019 | ഓട്ടോറിക്ഷ വാങ്ങൽ സബ്സിഡി (വനിത) | 210000 |
| 62/2019 | വ്യവസായ വികസന ഓഫീസ് ദൈനംദിന ചെലവുകൾ | 20000 |

മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകളും നടപ്പായില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വ്യവസായ വികസനത്തിനായി ക്രിയാത്മകമായി ഇടപെടേണ്ട ഉദ്യോഗസ്ഥന്റെ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വരു വർഷങ്ങളിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതുമാണ്.

## 1-16 എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 57/2019 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ 4650000 രൂപ ചെലവ് വന്നിട്ടുണ്ട്. പഠന മുറി നിർമ്മാണം പൂർത്തിയാക്കിയത് രേഖപ്പെടുത്തി ഉൾപ്പെടുത്തിയിരിക്കുന്ന അസി. എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ ആകെ ചെലവഴിച്ച തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏതൊക്കെ ഇനങ്ങൾക്കാണ് തുക ചെലവഴിച്ചതെന്ന് വിശദീകരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. വിശദമായ രീതിയിൽ തയ്യാറാക്കിയ വാല്യുവേഷൻ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

കൂടാതെ പ്രോജക്ട് നമ്പർ 60/2019 പട്ടികജാതി വിദ്യാർഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്ടിന്റെ അപേക്ഷകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് വെച്ചിരിക്കുന്നതിനാൽ വിവിധ ബില്ലുകൾ പ്രകാരം കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് പ്രയാസം നേരിട്ടു. ബിൽ തുകയുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ തരംതിരിച്ച് വെയ്ക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-17 സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

സംയുക്ത പ്രോജക്ടുകൾക്കായി വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച താഴെപ്പറയുന്ന തുകകൾ നാളിതു വരെ ചെലവഴിക്കപ്പെട്ടിട്ടില്ലാത്തതായി കാണുന്നു (ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂൾ).

ജില്ലാ പഞ്ചായത്ത് വിഹിതം-5507322/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-3849444/-

വിവിധ ഗ്രാമപഞ്ചായത്ത് വിഹിതം-5636940/-

പ്രസ്തുത തുകകൾ നിശ്ചയിക്കപ്പെട്ട സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിക്കുന്നതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 അനധികൃതമായി ടെണ്ടർ എക്സസ് അനുവദിച്ചു- രൂപ 8238 നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ | 42/19 |
| പ്രവൃത്തിയുടെ പേര് | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ വി.കെ. ബാലകൃഷ്ണൻ റോഡിൽ കാനയും നടപ്പാതയും നിർമ്മാണം |
| അടങ്കൽ | രൂ.500000/- |
| എസ്റ്റിമേറ്റ് PAC | രൂ.493531/- |
| കരാറുകാരൻ | ശ്രീ. വിഷ്ണുദത്ത് വി.എസ്., വലിയകുളം വീട്, ചെറായി |
| കരാർ | 1/AE/VBP/18-19 തീയതി 07-09-2018 |
| അളവ് പുസ്തകം | 04/18-19 |
| ചെലവ് | രൂ. 4,13,146/-<br>(ട്രഷറി ബിൽ നം.14/18-19 തീയതി 27-03-2019) |

ഈ പ്രവൃത്തി 10-08-2018 ൽ ഇ-ടെണ്ടർ നടത്തിയതിൽ ഐറ്റം നിരക്കിൽ ആകെ 499029/- രൂപ രേഖപ്പെടുത്തിയ ശ്രീ. വിഷ്ണുദത്തിന്റെ ടെണ്ടർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 16-08-2018 ലെ 1(2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 07-09-018 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം കരാർ തുക 499029/- രൂപയാണ്. ഒമ്പത് ഇനങ്ങൾ ഉൾപ്പെട്ട ഈ പ്രവൃത്തിയിലെ രണ്ടാമത്തെ ഇനം മാത്രമാണ് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ കരാറുകാരൻ ഏറ്റെടുത്തിട്ടുള്ളത്. ടി ഇനം പ്രവൃത്തി കരാറുകാരൻ ചെയ്തിട്ടുമില്ല. എസ്റ്റിമേറ്റ് പി.എ.സി. 493531-/ രൂപയായ ഈ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കായ 499029 രൂപയ്ക്ക് നൽകിയത് ക്രമവിരുദ്ധമാണ്.

23-07-2018 ലെ 1/AE/LSGD/2018-19 നമ്പർ ടെണ്ടർ വ്യവസ്ഥകളിലെ 5-ാം നമ്പറായി ടെണ്ടർ അധികം അനുവദനീയമല്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി ഈ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികനിരക്കിൽ നൽകിയതിനാൽ താഴെ പറയും പ്രകാരം 8338 രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് പ്രകാരം | | | ക്വോട്ട് ചെയ്തത് | | ബിൽ പ്രകാരം നൽകിയത് | | എസ്റ്റിമേറ്റ് നിരക്കിൽ പരമാവധി നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|---|---|
| | | അളവ് $m^3$ | നിരക്ക് $/m^3$ | തുക | നിരക്ക് $/m^3$ | തുക | ചെയ്ത അളവ് $m^3$ | ക്വോട്ട് ചെയ്ത നിരക്കിൽ | | |
| 1 | Excavation | 15.925 | 254.71 | 4056 | 260 | 4141 | 16.72 | 4347 | 4259 | 88 |
| 2 | Earthen shoulder | 37.201 | 455.17 | 16933 | 300 | 11160 | - | - | - | - |
| 3 | Granular | 22.801 | 1666.43 | 37996 | 1699 | 38739 | 20.151 | 34237 | 33580 | 657 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | sub base | | | | | | | | | |
| 4 | PCC 1:3:6 | 23.152 | 6655.78 | 154095 | 6700 | 155118 | 16.062 | 107615 | 106905 | 710 |
| 5 | PCC1:2.5:5 | 12.250 | 7634.36 | 93521 | 7700 | 94325 | 12.862 | 99037 | 98193 | 844 |
| 6 | PCC 1:2:4 | 10.201 | 8015.21 | 81763 | 8340 | 85076 | 6.903 | 57571 | 55329 | 2242 |
| 7 | RCC M20 | 0.630 | 8740.82/t | 55067 | 9200 | 57960 | 6.196 | 57003 | 54158 | 2845 |
| 8 | Supplying TMT | 0.630t | 75682.29 | 47680 | 77000 | 48510 | .6615t | 50936 | 50064 | 872 |
| 9 | NameBoard | 1 each | 2420.00 | 2420 | 4000 | 4000 | 1 each | 2400 | 2420 | -20 |
| ആകെ | | | | 493531 | | 499029 | | 413146 | 404908 | 8238 |

ഈ പ്രവൃത്തിക്ക് പരമാവധി അനുവദിക്കാവുന്നത് എസ്റ്റിമേറ്റ് നിരക്കിൽ മേൽപ്പറഞ്ഞ പ്രകാരം 404908 രൂപയുടെയാണ്. അതിന് പകരം ടെണ്ടർ എക്സസ് അനുവദിച്ചതിനാൽ 8238 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ 04-02-2020 ലെ രണ്ടാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 8238 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.07.2019 & 22.07.2019 | KSA-EKM (PG)1368(13) dt. 21.08.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നായരമ്പലം ഗ്രാമ പഞ്ചായത്ത് | 2018-19 | 375000 | പി എം എ വൈ ഭവന പദ്ധതി | 504000 | 1531000 |
| പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | 2018-19 | 1460000 | | | |
| എടവനക്കാട് | 2018- | 200000 | | | |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 19 | | | | |
| ആകെ | | 2035000 | | | |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2018-19 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 3-4 | 10675 | പുതുവൈപ്പ് പട്ടികജാതി പട്ടികവർഗ വ്യവസായ സഹകരണസംഘം കൃഷിപ്പാടം ആഴം വർദ്ധിപ്പിക്കുന്നത് | തുക അടവാക്കാൻ ശേഷിക്കുന്നു. |
| | 3-5 | 85000 | കൃഷിസമാജങ്ങൾക്ക് യന്ത്രോപകരണം | “ |
| | 3-6 | 18750 | മുനമ്പം ഗവ.ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ | “ |
| | 3-7 | 43750 | മാലിപ്പുറം സി എച്ച് സി സൗകര്യം വർദ്ധിപ്പിക്കൽ | “ |
| 2007-08 | 3-9 | 7581 | നായരമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ് 9 എസ്.സി കോളനി സാംസ്കാരിക നിലയം ടൈൽ വിരിച്ചതിന് അധിക നിരക്ക് | “ |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58419796 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53138335 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8238 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2369346 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 8238 | ശ്രീ പ്രതാപൻ പി.എസ്. അസിസ്റ്റന്റ് എഞ്ചിനിയർ |
| | ആകെ | 8238 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 2369346/- | ശ്രീമതി ശ്രീദേവി നമ്പൂതിരി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രതാപൻ പി.എസ്. അസിസ്റ്റന്റ് എഞ്ചിനിയർ | സേവനത്തിൽ നിന്നും വിരമിച്ചു. | പടിഞ്ഞാറേക്കാട്ടിൽ വീട്, മാല്യങ്കര പി.ഓ., നോർത്ത് പറവൂർ, പിൻ – 683516 |
| ശ്രീമതി ശ്രീദേവി നമ്പൂതിരി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | തൈക്കാട്ടു മനയ്ക്കൽ, തൈക്കാട്ടുശേരി, ചേർത്തല, ആലപ്പുഴ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 &1998-99 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 1999-2000 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| [illegible] | [illegible] |

| | |
|---|---|
| 2000-01&2001-02 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2002-03 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2003-04 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 2004-05 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2005-06 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2006-07 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2007-08 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2008-09 | എൽ.എഫ്.ഇ(ബി.പി.2) 734/13 , 13.6.13 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 326/12 , 13.9.12 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 2175/13 , 6.3.14 |
| 2011-12 | എൽ.എഫ്.ഇ. (ബി.പി.2) 2175/13 , 6.3.14 |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.2) 262/2014 /15.3.14/ 11.4.14 |
| 2013-14 | എൽ.എഫ്.ഇ. (ബി.പി.2)225/ 2015/ 11.2.15/8.4.15 |
| 2014-15&2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1597/2016,1.10.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)2290/2017/,06.12.2017 |
| 2017-18 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)280/2019 08-03-2019 |

ജോയിന്റ് ഡയറക്ടർ

# അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം

വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ട് കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1413/2018/ത.സ്വ.ഭ.വ. ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ അപാകതകൾ
ഒന്നും ഇല്ല
.

**ജോയിന്റ് ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Vypin Block Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide GO (Rt)1413/2018/ LSGD Dated.22/05/2019.

In my opinion the Annual Financial Statement of **Vypin Block Panchayat** in Ernakulam District for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

JOINT DIRECTOR

Abstrct of Deficiencies / Discripancies.

NIL

JOINT DIRECTOR